**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4200** **18-03-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികളുടെ കുടിശ്ശിക തുക ലഭിക്കാത്തതിനാൽ ഏതെങ്കിലും പദ്ധതി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതികളുടെ കുടിശ്ശിക തുക ലഭിക്കാത്ത സാഹചര്യത്തിൽ പോലും പദ്ധതികളൊന്നും തന്നെ മുടങ്ങിയിട്ടില്ല.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി NHM പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 636.88 കോടി രൂപ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ, NHM പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം നടപ്പിലാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, നടപ്പ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ടി പദ്ധതിയ്ക്കായി നാളിതുവരെ ആകെ 467.48 കോടി രൂപ അനുവദിച്ചു.<br><br>പി. എം. ശ്രീ. പദ്ധതി-യുടെ ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കേന്ദ്ര-വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം ഇതുവരെയും അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സംസ്ഥാന വിഹിതമായ 118.4 കോടി രൂപ മുൻകൂറായി ടി പദ്ധതിയുടെ എസ്.എൻ.എ. അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റം. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് |

| | | | |
|---|---|---|---|
| | | | ഉണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. ‘കോർ ഓഫ് ദി കോർ’ എന്നും ‘കോർ’ എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്ര വിഹിതം ലഭിയ്ക്കുന്ന ‘കോർ ഓഫ് ദി കോർ’ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. ‘കോർ’ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. ‘കോർ’ എന്ന ഗണത്തിലെ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസന-ക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. കേന്ദ്രാവിഷ്കൃത പദ്ധികൾക്കുള്ള കേന്ദ്രവിഹിതം കുറയ്ക്കുന്ന നിലപാട് സമീപകാലത്ത് കേന്ദ്രം സ്വീകരിച്ചു വരുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു.<br><br>മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ